# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 495 — 27/02/2018-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി പുതിയ സെക്ഷൻ ഓഫീസ്

| | ചോദ്യം<br><br>**ശ്രീ.കെ.കുഞ്ഞിരാമൻ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ ദേലമ്പാടി പഞ്ചായത്ത് നിവാസികൾ നിലവിൽ കെ.എസ്.ഇ.ബി യുടെ ഏത് സെക്ഷൻ ഓഫീസിന്റെ കീഴിലാണ് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ദേലമ്പാടി, പഞ്ചായത്ത് നിവാസികൾ കെ.എസ്.ഇ.ബി. യുടെ മുള്ളേരിയ ഇലക്ട്രിക് സെക്ഷൻ പരിധിയിൽപ്പെടുന്നു. |
| (ബി) | ദേലമ്പാടി പഞ്ചായത്തിലെ ദേലമ്പാടി, അഡൂർ വില്ലേജുകളിലുള്ളവർക്ക് പ്രസ്തുത സെക്ഷൻ ഓഫീസിലെത്താൻ എത്ര കിലോമീറ്റർ സഞ്ചരിക്കണം; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പ്രസ്തുത സെക്ഷൻ ഓഫീസിലെത്താൻ ദേലംപാടിയിലുള്ളവർ 25 കിലോമീറ്ററും അഡൂരുള്ളവർ 17 കിലോമീറ്ററും സഞ്ചരിക്കണം. |
| (സി) | കർണ്ണാടക സംസ്ഥാനത്തോട് ചേർന്ന് റിസർവ് വനത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ദേലമ്പാടി പഞ്ചായത്ത് നിവാസികളുടെ ബുദ്ധിമുട്ടും കെ.എസ്.ഇ.ബി ജീവനക്കാർക്ക് പഞ്ചായത്തിന്റെ പിന്നോക്ക പ്രദേശത്ത് എത്തിച്ചേരാനുള്ള ബുദ്ധിമുട്ടും പരിഗണിച്ച് പഞ്ചായത്തിന്റെ ആസ്ഥാനമായ അഡൂരിൽ കെ.എസ്.ഇ.ബി യുടെ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. എന്നാൽ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ വൈദ്യുതി വിതരണമേഖലയിൽ നിലവിലുള്ള നിലയിലുള്ള സെക്ഷൻ ഓഫീസുകൾ പുതുതായി അനുവദിക്കുന്നത് പുന:പരിശോധിക്കുകയാണ്. കസ്റ്റമർ കെയർ സംവിധാനങ്ങൾ ഏർപ്പെടുത്തി പൊതു |

| | | | |
|---|---|---|---|
| | | | ജനങ്ങൾക്ക് ഫലപ്രദമായ സേവനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സാഹചര്യത്തിൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ഇതിനാൽ തന്നെ അടൂരിൽ കെ.എസ്.ഇ.ബി.യുടെ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ